# സ്നേഹാ ട്രാൻസ്പോർട്ട്

**റഫീക് അഹമ്മദ്**

**മനയ്ക്കലെ കുട്ടിശങ്കരൻ കഴിഞ്ഞാൽ പിന്നെ ഏവർക്കും പ്രിയങ്കരനായ ഒരു വീട്ടുമൃഗമോ നാട്ടുമൃഗമോ ആയി അത്. അതിനെ ഒരു യന്ത്രമായി ആരും കണ്ടില്ല**


പണ്ട് പണ്ടാണ്. അന്ന് ഇമ്മാതിരി 'സ്നേഹ'രഹിതമായ നിരത്തായിരുന്നില്ല. ചരൽപ്പാതയായിരുന്നു. ചെരിപ്പില്ലാത്ത നടത്തങ്ങളിൽ കാലടികളോട് പുല്ലിന്റെ തണുപ്പും മണ്ണിന്റെ ഇളംചൂടും വർത്തമാനം പറയുമായിരുന്നു. നടത്തം ഒരു വിഷയമായിരുന്നില്ല. നടത്തം ഒരു വക സന്തോഷവും ആയിരുന്നു. വഴികൾ, വഴിയോരങ്ങൾ, കലുങ്കുകൾ, അത്താണികൾ, വഴികളിലെമ്പാടും ആളുകൾ, പശുക്കൾ, ആടുകൾ, കോഴികൾ. വഴി അപായത്തിന്റെ തിരവരുമിടമായിരുന്നില്ല. വഴിയിലേക്കിറങ്ങരുതേ എന്ന് കുട്ടികളോട് ആരും പറഞ്ഞിരുന്നില്ല.

അക്കാലത്ത് നാട്ടിലേക്കു വന്ന സ്നേഹാ മോട്ടോർ സർവീസ്. സ്നേഹാ ട്രാൻസ്പോർട്ട് എന്നും എസ്. എം. എസ് എന്നും സ്നേഹത്തോടെ വിളിക്കും ബസ്. മനയ്ക്കലെ കുട്ടിശങ്കരൻ കഴിഞ്ഞാൽ പിന്നെ ഏവർക്കും പ്രിയങ്കരനായ ഒരു വീട്ടുമൃഗമോ നാട്ടുമൃഗമോ ആയി അത്. അതിനെ ഒരു യന്ത്രമായി ആരും കണ്ടില്ല.

കണ്ടക്ടർ അച്ചുമ്മാൻ. മുട്ടോളമുള്ള കാക്കി ട്രൗസേഴ്സും ചാക്കുതുണിയുടെ വലിയ കപ്പായവും. തോളത്ത് തൂങ്ങിക്കിടക്കുന്ന തോൽസഞ്ചി. വിയർപ്പിന്റേയും തുകലിന്റേയും സമ്മിശ്രമായ ഒരു ഗന്ധമുണ്ടായിരുന്നു അതിന്. യാത്രയുടെ ഗന്ധം ഇതാകുന്നു എന്ന് ഞങ്ങളുടെ ഓർമ്മകളിൽ മുദ്ര വെച്ച ഗന്ധം. അച്ചുമ്മാൻ ഒരു വലിയ പുഞ്ചിരി ആയിരുന്നു. നെറ്റിയിൽ ഭസ്മം, വിരലിൽ തൂങ്ങിയാടുന്ന വിസിൽ. വിസിലൂതുക അപൂർവ്വം. അതൊരു അലങ്കാരം മാതിരി വിരൽത്തുമ്പത്ത് കിടന്നു. കാശ് ഇല്ലെങ്കി അടുത്ത ദിവസം തന്നാലും മതി എന്നമട്ടിലൊരാൾ. യാത്രികരുടെ സുഖദുഃഖങ്ങളിലെല്ലാം അയാൾ പങ്കാളിയായി. അച്ചുമ്മാൻ ഒരു ചെറുകിട തത്വജ്ഞാനിയുമായിരുന്നു. കുട്ടികൾക്കാണെങ്കിൽ അയാൾ ഒരു വലിയ കുട്ടിയായിരുന്നു. അയാളും അവരെപ്പോലെത്തന്നെ. നിക്കറും ഷർട്ടും സ്കൂൾബാഗും. മുഖത്ത് കാലരഹിതമായ ഒരുവക നിഷ്കളങ്കതയും. ബസ്സിലോ നിറയെ സ്നേഹവും.

ബസ്സ് ഗ്രാമാന്തരീക്ഷത്തിൽ വലിയ പരിവർത്തനങ്ങളുണ്ടാക്കി. 'എന്താ നടക്കാണോ?' 'ഹാവൂ! നടന്നു തളർന്നു' തുടങ്ങിയ വാചകങ്ങൾ നാട്ടുകാരുടെ നിത്യസംഭാഷണത്തിലെ സ്ഥിരം ഘടകങ്ങളായിത്തീർന്നു. ബസ്സിന്റെ പോക്കുവരത്ത് സമയത്തിനനുസൃതമായി ഗ്രാമത്തിന്റെ സമയഗണന നിയന്ത്രിക്കപ്പെട്ടു. ആദ്യമായി ബസ്സിൽ കയറിയ സമയത്ത് സുഖകരമായ ഒരു തരം 'തുറാൻ മുട്ടൽ' അനുഭവപ്പെട്ടത് മീൻകച്ചവടക്കാരനായ സലിംകുട്ടി ഇപ്പോഴും ഓർമ്മിക്കുന്നു.

പോസ്റ്റാഫീസിനടുത്ത് കുട്ടൻനായരുടെ ചായക്കടയ്ക്കു സമീപം ബസ്സു നിർത്തി അച്ചുമ്മാവനും ഡ്രൈവർ കരിയപ്പനും ചായ കുടിക്കുന്നു. അച്ചുമ്മാവന് മുറുക്കാണ്. കരിയപ്പൻ ബീഡി. ബർമ്മാ ഫോട്ടോ ബീഡി. അന്നേരം പിള്ളേർ ബസ്സിൽ കയറുകയും ഇറങ്ങുകയും ചെയ്യും. സ്റ്റിയറിങ്ങ് വീൽ പിടിച്ചു തിരിക്കും. പൊപ്പോം എന്ന് ഹോണടിക്കും. അച്ചുമ്മാൻ ഒന്നും പറയില്ല. കരിയപ്പൻ വേണ്ടടാ മക്കളേ എന്ന് പറഞ്ഞെങ്കിലായി. എസ്. എം. എസ്സിന് സ്ഥിരമായി ഒരു കിളി ഇല്ലായിരുന്നു. കുഞ്ഞുണ്ണി ആയിരുന്നു താല്ക്കാലിക കിളി. പൂരം-പെരുന്നാൾ സീസണുകളിൽ കുഞ്ഞുണ്ണിയ്ക്ക് മറ്റെന്തോ ഏർപ്പാടുണ്ട്. അക്കാലങ്ങളിൽ കിളിയില്ലാതെ വണ്ടി ഓട്ടും. ഇന്നത്തെ കിളികളെപ്പോലെ കുഞ്ഞുണ്ണിയ്ക്ക് ശുണ്ഠിയില്ലായിരുന്നു. ഒരു കപ്യാരുടേയോ മുക്രിയുടേയോ റോളായിരുന്നു ബസ്സിൽ കുഞ്ഞുണ്ണിയ്ക്ക്. കരിയപ്പൻ അതിമനോഹരമായ കഷണ്ടിയുള്ള ഒരാളാണ്. കറുത്ത നിറം. കുറിയ മനുഷ്യൻ. പ്രായം ബസ്സിനേക്കാൾ കുറവു വരില്ല. കാഴ്ച കമ്മി. കേൾവി തീരെ കമ്മി. വഴികൾ ഏറെ പരിചിതമായതിനാൽ കരിയപ്പന് ബാഹ്യമായ ഇത്തരം ഇന്ദ്രിയങ്ങളുടെ വലിയ ആവശ്യം ഇല്ലായിരുന്നു. കരിയപ്പൻ വണ്ടി ഓട്ടുന്നതു കണ്ടാൽ അയാൾ തന്നിലെ ഏതൊക്കെയോ ഉൾവഴികളിലൂടെ ചുറ്റിത്തിരിയുകയാണെന്നു തോന്നും.




സ്നേഹത്തിൽ അധിഷ്ഠിതമായ ഒരു ബസ്സായിരുന്നതിനാൽ അതിന് സ്വയം ഒരു ഗതിബോധമുണ്ടായിരുന്നു. എവിടേയും തെന്നിവീഴാതെ, ആരെയും നോവിക്കാതെ അത് ഇരമ്പി നിരങ്ങി നീങ്ങി. മഹാക്ഷീണത്തോടെ ഇടയ്ക്കിടെ അനങ്ങാതെ കിടന്നു. എസ്. എം. എസ്സിനെ കുറിച്ചുള്ള ഐതിഹ്യങ്ങളിൽ ഒന്ന് ഇങ്ങനെ: മനയ്ക്കലെ പടിയോടടുക്കുമ്പോഴുള്ള കയറ്റം കയറിയപാട് ഒരു ദിവസം എസ്. എം. എസ് പൊടുന്നനെ നിശ്ചലമാകുന്നു. കരിയപ്പനും കുഞ്ഞുണ്ണിയും യന്ത്രത്തെ പ്രീതിപ്പെടുത്താൻ പതിവുള്ള അനുഷ്ഠാനങ്ങളിൽ വ്യാപൃതരാകുന്നു. പക്ഷേ വണ്ടി അനങ്ങുന്നില്ല. പൊടുന്നനെയാണ് മനയ്ക്കലെ കുട്ടിശങ്കരൻ വേലി ഇടിച്ചിറങ്ങി നിരത്തിലേക്കെത്തുന്നത്. അവൻ മദപ്പാടിലായിരുന്നു. ചങ്ങല എങ്ങനെയോ അഴിഞ്ഞുപോയതാണ്. അവൻ ഭീകരമായ ഒന്നുരണ്ട് ചിന്നം വിളികൾ മുഴക്കി മറുവശത്തേക്കു കടന്നു. കുട്ടിശങ്കരൻ പോയവാറെ യന്ത്രം പഴയപടി സ്റ്റാർട്ടാവുകയായി........

തുടരും